STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.167/PR/SPMC/PHQ/2025 Date:30.06.2025

## സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് വിരമിച്ചു

ഡി.ജി.പിയും സംസ്ഥാന പോലീസ് മേധാവിയുമായ ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് സർവ്വീസിൽ നിന്നും വിരമിച്ചു. ഇന്നു വൈകിട്ട് 04.30 മണിയോടെ പോലീസ് ആസ്ഥാനത്തെത്തിയ അദ്ദേഹം വീരചരമമടഞ്ഞ പോലീസ് ഉദ്യോഗസ്ഥരുടെ സ്മരണാർത്ഥം ധീരസ്മൃതിഭൂമിയിൽ പുഷ്പചക്രം അർപ്പിച്ചു.

തുടർന്ന് നടന്ന ചടങ്ങിൽ അദ്ദേഹം പുതിയ മേധാവി ചുമതലയേൽക്കും വരെ സംസ്ഥാന പോലീസ് മേധാവിയുടെ അധിക ചുമതല വഹിക്കുന്ന ക്രമസമാധാന വിഭാഗം എ.ഡി.ജി.പി എച്ച്. വെങ്കിടേഷിന് ചുമതല കൈമാറി.

ചുമതലകൾ ഔദ്യോഗികമായി കൈമാറിയ ശേഷം അദ്ദേഹം സഹപ്രവർത്തകരോട് യാത്രപറഞ്ഞു. ആചാരപരമായ രീതിയിൽ ഡി.ജി.പിയുടെ വാഹനം കയർ കെട്ടിവലിച്ച് ഗേറ്റിൽ എത്തിച്ചാണ് പോലീസ് ഉദ്യോഗസ്ഥർ അദ്ദേഹത്തെ യാത്രയാക്കിയത്. മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, പോലീസ് ആസ്ഥാനത്തെ ജീവനക്കാർ, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഇന്നു രാവിലെ പേരൂർക്കട എസ്.എ.പി പരേഡ് ഗ്രൗണ്ടിൽ നടന്ന വിടവാങ്ങൽ പരേഡിൽ അദ്ദേഹം സേനയുടെ അഭിവാദ്യം സ്വീകരിച്ചു. തുടർന്ന് പോലീസ് ആസ്ഥാനത്തു നടന്ന ഓദ്യോഗിക യാത്രയയപ്പു ചടങ്ങിലും പങ്കെടുത്തു.

************************




CIMS
CONTROL ROOM
KERALA
DIGITAL FORENSICS


S. DARVESH SAHEB




KERALA POLICE
IPS


Dr. SHAIK DARVESH SAHEB IPS


POLICE
KL01


POLICE